**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6048** **17-03-2023 - ൽ മറുപടിയ്ക്ക്**

**ക്രഷർ നികുതി നിർണ്ണയത്തിലെ ക്രമക്കേട് - തിരുത്തൽ നടപടി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരത്തുള്ള ജി-സാൻഡ് എന്ന ക്രഷർ യൂണിറ്റിന് നികുതി വെട്ടിപ്പിനുള്ള കോംപൗണ്ടിങ് തുകയായ 8 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുള്ളതായും എന്നാൽ ഇതേ കുറ്റം ചെയ്ത ബി.എസ്. എന്റർപ്രൈസസ് എന്ന ക്രഷർ യൂണിറ്റിന് നികുതി വെട്ടിപ്പിന് 31 ലക്ഷം രൂപ പെനാൽറ്റി പ്രൊപ്പോസ് ചെയ്തതിന് ശേഷം ആയത് ഒന്നര ലക്ഷം രൂപയായി പെനാൽറ്റി സെറ്റിൽ ചെയ്ത നടപടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച് സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ വിഷയത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം തിരിച്ച് പിടിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ എന്നും വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | നികുതി വകുപ്പിന്റെ ഡി1/95 /2018-നികുതി എന്ന നോട്ട് ഫയലിൽ (നോട്ട് നം.14) ആരോപണ വിധേയനായ ഉദ്യോഗസ്ഥനെതിരെ വ്യാജ പരാതി അയച്ച ആളുകളെ ഭീമാ എന്റർപ്രൈസസ് എന്ന സ്ഥാപന ഉടമകൾക്ക് അറിയാം എന്ന് വ്യക്തമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ കണ്ടെത്തലിന് വസ്തുതാപരമായ പിൻബലം ഉണ്ടോ; എങ്കിൽ ഈ സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ കമ്മീഷണറെയും ആരോപണവിധേയനായ വ്യക്തിയെയും അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | **ഡി1/95/2018-നികുതി ഫയൽ ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല.** |

സെക്ഷൻ ഓഫീസർ